ആറ്റുകൊഞ്ച് മത്സ്യകൃഷി പദ്ധതിയിൽ 75 ടൺ ആറ്റുകൊഞ്ചും ലഭിക്കുകയുണ്ടായി. കൈപ്പാട് കൃഷി പുനരുദ്ധാരണ പദ്ധതി വഴി 2012-13 വർഷത്തിൽ 18 ഗ്രൂപ്പുകൾക്കുള്ള പദ്ധതിയിൽ 53.469 ടൺ ചെമ്മീൻ വിളവെടുപ്പ് നടത്തിയിട്ടുണ്ട്. 2013-14 വർഷം 17 ഗ്രൂപ്പുകൾ ചെമ്മീൻ കൃഷി ചെയ്യുകയും ഇതുവരെ 1.372 ടൺ ചെമ്മീൻ ഉത്പാദനം നടത്തുകയും ചെയ്തു. കൂടാതെ പൊതു ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 114 ലക്ഷം വളർത്തുകൊഞ്ച് ഉൾപ്പടെയുള്ള വിവിധയിനങ്ങളെ പൊതു ജലാശയങ്ങളിൽ നിക്ഷേപിക്കുകയുണ്ടായി.

2015-2018 കാലയളവിൽ നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി II എന്ന പദ്ധതിയിലൂടെ ശാസ്ത്രീയമായ കൃഷിരീതികൾ ഉപയോഗിച്ച് വിപണിയിൽ എപ്പോഴും ആവശ്യമുള്ളതും കയറ്റുമതി രംഗത്ത് പ്രചാരമുള്ളതുമായ ചെമ്മീൻ വിത്തുകൾ (ശുദ്ധജല ആറ്റുകൊഞ്ച്, കാര ചെമ്മീൻ, നാരൻ ചെമ്മീൻ, വനാമി ചെമ്മീൻ മുതലായവ) പദ്ധതി മുഖേന കർഷകർക്ക് ലഭ്യമാക്കുവാനും ഏകദേശം 8000 ഹെക്ടർ ഏരിയയിൽ ആറ്റുകൊഞ്ച്/ ചെമ്മീൻ കൃഷി വ്യാപിപ്പിക്കുവാനും ലക്ഷ്യമിടുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ പൊയ്യാ ഫാമിന്റെ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പൊയ്യാ ഫാമിലെ 2 ഹെക്ടർ വിസ്തൃതിയിൽ പരീക്ഷണാടിസ്ഥാനത്തിൽ വനാമി കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതി വിജയകരമായാൽ കർഷകർക്ക് സാമ്പത്തിക സഹായം നൽകി വിപുലമായ രീതിയിൽ വനാമി കൃഷി നടപ്പിലാക്കാവുന്നതാണ്.

## കരിപ്പൂർ വിമാനത്താവളത്തിലെ അനിഷ്ട സംഭവങ്ങൾ

12 (*462) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. പി. ഉബൈദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിപ്പൂർ വിമാനത്താവളത്തിലെ അനിഷ്ട സംഭവങ്ങളെത്തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും എന്തൊക്കെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഈ സംഭവത്തിനു കാരണമായ യഥാർത്ഥ പ്രശ്നങ്ങൾ എന്തൊക്കയാണെന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇതിനെത്തുടർന്ന് സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ, ഇത്തരം സ്ഥിതിവിശേഷം ആവർത്തിക്കാതിരിക്കാനും, വിമാനത്താവളങ്ങളുടെ പ്രവർത്തനവും വികസനവും മുരടിപ്പിക്കാൻ നടക്കുന്ന സംഘടിതശ്രമങ്ങളെ ചെറുത്തു തോൽപ്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) കരിപ്പൂർ വിമാനത്താവളത്തിൽ 10-6-2015-ലുണ്ടായ അനിഷ്ട സംഭവങ്ങളുമായി ബന്ധപ്പെട്ട് കരിപ്പൂർ പോലീസ് സ്റ്റേഷനിൽ നാല് കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ സി.ഐ.എസ്.എഫ്. ഭടൻമാരും എയർപോർട്ട് അഗ്നിശമന സേനയിലെ ഉദ്യോഗസ്ഥരും തമ്മിലുണ്ടായ സംഘർഷത്തെ തുടർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും വിമാന യാത്രികരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനുംവേണ്ടി ആഭ്യന്തര അഡീഷണൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിലേയും സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിലേയും കേന്ദ്ര വ്യവസായ സംരക്ഷണ സേനയിലെയും സംസ്ഥാന പോലീസിലെയും ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് 16-6-2015-ൽ ചേർന്ന ഉന്നതതല യോഗത്തിൽ ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട് :

1. എയർപോർട്ടിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളായ എയർപോർട്ട് അതോറിറ്റി, സി.ഐ.എസ്.എഫ്., കസ്റ്റംസ് & സെൻട്രൽ എക്സൈസ് എന്നിവർക്കിടയിൽ മെച്ചപ്പെട്ട ഏകോപന സംവിധാനം ഉണ്ടാകണം. ജില്ലാ ഭരണകൂടത്തിനേയും ജില്ലാ പോലീസ് മേധാവിയേയും കൂടി ഉൾപ്പെടുത്തി ഈ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. എല്ലാ വിഭാഗങ്ങളുടേയും പരാതി പരിഹരിക്കുന്നതിലേക്കായി എയർപോർട്ടിലെ വിവിധ ഏജൻസികളുടെ ഏകോപന യോഗങ്ങൾ എല്ലാമാസവും കൃത്യമായി ചേരണം.

3. ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിലേക്ക് എയർപോർട്ടിനുള്ളിൽ പോലീസ് സ്റ്റേഷൻ/ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്ന വിഷയത്തിൽ കേന്ദ്ര സർക്കാരിനെ സമീപിക്കണം.

4. എയർപോർട്ടിലെ വിവിധ ഏജൻസികളിലെ ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ ഏകോപനസമിതി മുൻപാകെ കൊണ്ടുവന്ന് പരിഹാരം കാണുന്നതിലേക്കായി വിമാനത്താവളങ്ങളിലെ അനുയോജ്യമായ സ്ഥലങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കണം.

(ബി) ഉണ്ട്. 10-6-2015 രാത്രി ഏതാണ്ട് 9.38-ന് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഡ്യൂട്ടി ചെയ്തിരുന്ന എയർപോർട്ട് അഗ്നിശമന സേനയിലെ ഫയർ സൂപ്പർവൈസർ ശ്രീ. അജികുമാർ ഡ്യൂട്ടിക്കിടയിൽ വിമാനത്താവളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും പുറത്തുപോയി തിരിച്ചുപ്രവേശിക്കുന്ന സമയത്ത് എ.ടി.സി. ഗേറ്റിനു സമീപത്തുവച്ച് സുരക്ഷാ ഡ്യൂട്ടിയിലുണ്ടായിരുന്ന CISF സബ് ഇൻസ്പെക്ടർ ശ്രീ. സീതാറാം ചൗധരിടിയാനെ സുരക്ഷാ പരിശോധനയുടെ ഭാഗമായി മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് പരിശോധിക്കുന്നതിനിടയിൽ മെറ്റൽ ഡിറ്റക്ടർ ദേഹത്ത് തട്ടി എന്നാരോപിച്ചുകൊണ്ട് വാക്കുതർക്കം ഉണ്ടാകുകയും ഇത് CISF ഭടന്മാരും എയർപോർട്ട് അഗ്നിശമനസേനാ ഉദ്യോഗസ്ഥരും തമ്മിൽ സംഘർഷത്തിന് ഇടയാക്കുകയും ചെയ്തു.

(സി) വിമാനത്താവളങ്ങളുടെ ആഭ്യന്തര സുരക്ഷാ ചുമതല പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ സിവിൽ ഏവിയേഷൻ വകുപ്പിനു കീഴിലുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിലുള്ള ഏജൻസികൾക്കും കേന്ദ്ര വ്യവസായ സേനയ്ക്കുമാണ്. ഈ ഏജൻസികൾ തമ്മിൽ എന്തെങ്കിലും ആഭ്യന്തര പ്രശ്നങ്ങളുണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്യുന്നതും പരിഹാരം കണ്ടെത്തുന്നതും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തന്നെയാണ്. എന്നിരുന്നാലും ഈ സംഭവത്തെത്തുടർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വിമാന യാത്രികരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിലെയും സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിലെയും കേന്ദ്ര വ്യവസായ സംരക്ഷണ സേനയിലെയും സംസ്ഥാന പോലീസിലെയും ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് 16-6-2015-ൽ ചേർന്ന ഉന്നതതലയോഗത്തിലെ തീരുമാനങ്ങൾ അനുസരിച്ചുള്ള തുടർനടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

**ആധുനിക കടൽ സുരക്ഷാ സംവിധാനങ്ങൾ**

13 (*463) ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം രീതിയിലുള്ള ആധുനിക കടൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യബന്ധന ബോട്ടുകളിൽ വെസ്സൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ വിശദമാക്കുമോ ;

(സി) വെസ്സൽ ട്രാക്കിംഗ് സംവിധാനത്തിന്റെ പ്രത്യേകതകൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly